**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2271** **05-02-2026 - ൽ മറുപടിയ്ക്ക്**

**റേഷൻ കാർഡ് മുൻഗണന വിഭാഗത്തിലേക്ക് മാറ്റുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | റേഷൻ കാർഡ് മുൻഗണന വിഭാഗത്തിലേക്ക് മാറ്റുന്നതിനായി ഇക്കഴിഞ്ഞപ്രാവശ്യം അപേക്ഷ ക്ഷണിച്ചതുപ്രകാരം മണലൂർ മണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചുവെന്നും എത്ര മുൻഗണന റേഷൻ കാർഡുകൾ അനുവദിച്ചു എന്നും അറിയിക്കാമോ; | (എ) | റേഷൻ കാർഡ് മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റുന്നതിനായി ഇക്കഴിഞ്ഞ പ്രാവശ്യം അപേക്ഷ ക്ഷണിച്ചതു പ്രകാരം മണലൂർ മണ്ഡലത്തിൽ നിന്നും **252** അപേക്ഷകൾ ലഭിച്ചതിൽ അർഹരായ 241 കുടുംബങ്ങൾക്ക് മുൻഗണന റേഷൻ കാർഡുകൾ അനുവദിച്ചു നൽകിയിട്ടുണ്ട്. |
| (ബി) | റേഷൻ കാർഡുകൾ മുൻഗണന വിഭാഗത്തിലേക്ക് മാറ്റുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് പരിശോധിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | Kerala Food Security Rules 2018 ഖണ്ഡിക 6 ൽ മുൻഗണനാ ഒഴിവാക്കൽ മാനദണ്ഡങ്ങളും ഖണ്ഡിക 7 ൽ അർഹതാ മാനദണ്ഡങ്ങളും നിശ്ചയിച്ചിട്ടുണ്ട്. ഇതു പ്രകാരമാണ് സംസ്ഥാനത്ത് നിലവിൽ മുൻഗണനാ കാർഡുകൾ അനുവദിച്ചുവരുന്നത് .<br><br>ചുവടെപ്പറയുന്നവർ ഉൾപ്പെടുന്ന കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ നിന്ന് ഒഴിവാക്കി വരുന്നു.<br><br>a) സർക്കാർ/അർദ്ധ സർക്കാർ ജീവനക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ, അദ്ധ്യാപകർ, സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർ, സർവ്വീസ് പെൻഷൻകാർ (പാർട്ട് ടൈം ജീവനക്കാർ, താൽക്കാലിക ജീവനക്കാർ, ക്ലാസ് 4 തസ്തികയിൽ പെൻഷനായവർ, 5,000/-രൂപയിൽ താഴെ പെൻഷൻ വാങ്ങുന്നവർ, 10,000/-രൂപയിൽ താഴെ സ്വാതന്ത്ര്യസമര പെൻഷൻ വാങ്ങുന്നവർ എന്നിവർ ഒഴികെ)<br><br>b) ആദായ നികുതി ഒടുക്കുന്നവർ<br><br>c) പ്രതിമാസ വരുമാനം 25000 രൂപയ്ക്ക് മുകളിലുള്ളവർ<br><br>d) സ്വന്തമായി ഒരേക്കറിനുമേൽ ഭൂമിയുള്ളവർ (പട്ടികവർഗ്ഗക്കാർ ഒഴികെ)<br><br>e) സ്വന്തമായി ആയിരം ചതുരശ്ര അടിക്കുമേൽ വിസ്തീർണ്ണമുള്ള വീടോ ഫ്ളാറ്റോ ഉള്ളവർ |

f) നാല് ചക്ര വാഹനം സ്വന്തമായി ഉള്ളവർ (ഏക ഉപജീവന മാർഗ്ഗമായ ടാക്സി ഒഴികെ)

g) കുടുംബത്തിൽ ആർക്കെങ്കിലും വിദേശ ജോലിയിൽ നിന്നോ സ്വകാര്യ സ്ഥാപന ജോലിയിൽ നിന്നോ 25,000/- രൂപയിൽ അധികം പ്രതിമാസ വരുമാനം ഉള്ളവർ

മേൽ പരാമർശിച്ചിട്ടുള്ള ഒഴിവാക്കൽ ഘടകങ്ങൾ ഉൾപ്പെട്ടുവരാത്ത കുടുംബങ്ങൾക്കാണ് നിലവിൽ മുൻഗണനാ കാർഡുകൾ അനുവദിക്കുന്നത് .

മുൻഗണനാ കാർഡുകൾ അനുവദിക്കുന്നതിൽ പ്രത്യേക പരിഗണന നല്കിവരുന്നവരുടെ വിവരം ചുവടെ ചേർക്കുന്നു.

a) പരമ്പരാഗത/അസംഘടിത തൊഴിലാളികളുടെ കുടുംബങ്ങൾ

b) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ മാനദണ്ഡങ്ങൾ പ്രകാരം ബി.പി.എൽ പട്ടികയിൽ ഉൾപ്പെട്ട കുടുംബങ്ങൾ (സാമ്പത്തിക സ്ഥിതിയിൽ മാറ്റം വന്നിട്ടില്ലെങ്കിൽ)

c) ആശ്രയ പദ്ധതിയിൽ അംഗങ്ങളായുള്ളവർ (തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ പട്ടിക പ്രകാരം സാമ്പത്തിക അവസ്ഥയ്ക്ക് വലിയ ഉയർച്ച ഉണ്ടായിട്ടില്ലെങ്കിൽ)

d) പട്ടികവർഗ്ഗ വിഭാഗം (മുൻ ഖണ്ഡിക (a)യിൽപെടുന്നവർ ഒഴികെ)

e) കുടുംബത്തിൽ ആർക്കെങ്കിലും മാരകമായ രോഗങ്ങളായ എയിഡ്സ്, കാൻസർ, ഓട്ടിസം, ഗുരുതരമായ ശാരീരിക, മാനസിക വെല്ലുവിളികൾ, സ്ഥിരമായ കുഷ്ഠം, എൻഡോസൾഫാൻ ബാധിതർ, ഡയാലിസിസിന് വിധേയരാകുന്നവർ, കിഡ്നി, ഹൃദയ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, പക്ഷാഘാതം പോലുള്ള രോഗബാധയാൽ പരസഹായമില്ലാതെ ജീവിക്കാൻ കഴിയാത്തവരും ശരീരം തളർന്ന് ശയ്യാവലംബരായവരും

f) നിർദ്ധനയും നിരാലംബയുമായ സ്ത്രീ ഗൃഹനാഥയായ കുടുംബം, വിധവ ഗൃഹനാഥയായ (21 വയസ്സിന് മുകളിൽ പ്രായമായ പുരുഷൻമാർ ഇല്ലാത്ത) കുടുംബങ്ങൾ, അവിവാഹിതയായ അമ്മ / ഉപേക്ഷിക്കപ്പെട്ട സ്ത്രീ എന്നിവരാൽ നയിക്കപ്പെടുന്ന കുടുംബങ്ങൾ.

| | | | |
|---|---|---|---|
| (സി) | അർഹതപ്പെട്ടവർക്ക് ഈ ആനുകൂല്യം ലഭിക്കുന്നതിനായി അനർഹരായവരെ മുൻഗണന പട്ടികയിൽ നിന്നും ഒഴിവാക്കാൻ എന്തെല്ലാം പരിശോധനകളാണ് നടക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | വകുപ്പിലെ എല്ലാ പരിശോധനാ ഉദ്യോഗസ്ഥരും ഫീൽഡ് തല പരിശോധനകൾ നടത്തി അനർഹമായി മുൻഗണന കാർഡുകൾ കൈവശം വച്ചിരിക്കുന്നവരെ കണ്ടെത്തി ആയത് പൊതുവിഭാഗത്തിലേയ്ക്ക് മാറ്റിക്കൊണ്ട് പിഴ ഈടാക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പട്ടികയുടെ മുൻഗണനാ ശുദ്ധീകരണം തുടർ പ്രക്രിയയാണ്. പൊതുജനങ്ങൾക്ക് പരാതികൾ നൽകുന്നതിന് ടോൾ ഫ്രീ നമ്പർ **1987, 1800-425-1550**, വാട്ട്സ്ആ പ്പ് നമ്പർ **9188527301** എന്നിവ നൽകിയിട്ടുണ്ട്. പരാതി സെല്ലിലൂടെ ലഭിക്കുന്ന പരാതികളിൻമേലുള്ള അന്വേഷണത്തിൽ ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനർഹരാണെന്ന് ബോധ്യപ്പെടുന്ന പക്ഷം കാർഡുകൾ പൊതുവിഭാഗത്തിലേക്ക് മാറ്റി വരികയാണ്. മുൻഗണനാ വിഭാഗത്തിലെ കൂടുതൽ അനർഹരെ കണ്ടെത്തുന്നതിലേയ്ക്കായി "**ഓപ്പറേഷൻ യെല്ലോ**" എന്ന പേരിൽ ഒരു പരിശോധനാ പരിപാടി വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. നാളിതുവരെയായി പരിശോധനയിലൂടെയും, പരാതിയുടെ അടിസ്ഥാനത്തിലും, സ്വമേധയാ സറണ്ടർ ചെയ്തതും ഉൾപ്പെടെ **2,43,615** മുൻഗണന വിഭാഗം കാർഡുകൾ പൊതു വിഭാഗത്തിലേക്ക് മാറ്റിയിട്ടുണ്ട്. ഇപ്രകാരം അനർഹരെ മാറ്റുന്ന ഒഴിവുകളിൽ അർഹരായവരെ ഉൾപ്പെടുത്തുകയും ചെയ്തുവരുന്നു. |
| (ഡി) | കിഡ്നി, ഹൃദ്രോഗം, കാൻസർ തുടങ്ങിയ രോഗങ്ങളാൽ ബുദ്ധിമുട്ടുന്നവർക്ക് പ്രത്യേക പരിഗണന നൽകാറുണ്ടോ; ഇത്തരം രോഗികളെ വീട്ടിൽ എയർ കണ്ടീഷണർ, കാർ എന്നിവ ഉണ്ട് എന്ന കാരണത്താൽ മുൻഗണനപട്ടികയിൽ നിന്നും ഒഴിവാക്കാറുണ്ടോ; അറിയിക്കാമോ? | (ഡി) | ഉണ്ട്.<br>Kerala Food Security Rules 2018 ഖണ്ഡിക 6 ൽ മുൻഗണനാ ഒഴിവാക്കൽ മാനദണ്ഡങ്ങളും ഖണ്ഡിക 7 ൽ അർഹതാ മാനദണ്ഡങ്ങളും നിശ്ചയിച്ചിട്ടുണ്ട്. ഇതു പ്രകാരമാണ് നിലവിൽ സംസ്ഥാനത്ത് മുൻഗണന കാർഡുകൾ അനുവദിച്ചുവരുന്നത്. എന്നിരുന്നാലും ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെടുന്ന കുടുംബങ്ങളുടെ ഗുരുതരരോഗബാധ, ഭിന്നശേഷി, സാമ്പത്തിക സാമൂഹിക പിന്നോക്കാവസ്ഥ എന്നിവ പരിശോധിച്ച് അവർ നിലവിൽ സാമ്പത്തിക പിന്നോക്കാവസ്ഥ നേരിടുന്നുണ്ടെങ്കിൽ മാത്രം പ്രസ്തുത കുടുംബങ്ങളെ മുൻഗണന പട്ടികയിൽ ഉൾപ്പെടുത്താൻ 27.10.2020 ലെ 319/2020/ഭ.പൊ.വി.വ സർക്കാർ ഉത്തരവ് പ്രകാരം പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എയർ കണ്ടീഷണർ, കാർ എന്നിവ അടക്കമുള്ള എല്ലാ ഘടകങ്ങളും അവരുടെ സാമ്പത്തിക അവസ്ഥ വിലയിരുത്തുന്നതിന് പരിഗണിക്കാറുണ്ട്. കിഡ്നി, ഹൃദ്രോഗം, കാൻസർ തുടങ്ങിയ രോഗങ്ങളുള്ള |

| | | | |
|---|---|---|---|
| | | | അംഗങ്ങൾ ഉൾപ്പെട്ട എല്ലാ കുടുംബങ്ങളെയും മുൻഗണനാ പരിധിയിൽ കൊണ്ടുവരുന്നത് പ്രായോഗികമല്ല. |

സെക്ഷൻ ഓഫീസർ